# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.8/129/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 17/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.8/129/2023 തീയ്യതി: 17/02/2023

## തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 47 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്) | 09-01-2023 | 19-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2023 | 19-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി.ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശശികല.എസ്. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി.ജി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലക്ഷ്മി ഭാസി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. രമ.വി. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അമിത് മീട്ടു | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി.. | 01-04-2021 | 31-03-2022 |
| ഡോ. ബിന്ദു.പി. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീ. ഷാജി.ജെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2021 | 31-08-2021 |
| ശ്രീമതി സെമ്മി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-09-2021 | 31-03-2022 |
| ശ്രീ. ഷാജി.ജെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2021 | 31-03-2022 |
| ശ്രീമതി അൻസീറ.ബി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 19-11-2021 |
| ശ്രീമതി മേരി ഷൈനി.ടി.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 20-11-2021 | 31-03-2022 |
| ശ്രീമതി മിനി.ജി. | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. രാധാകൃഷ്ണൻ. | എച്ച്.എം. | 01-04-2021 | 30-04-2021 |
| ശ്രീമതി അനിത ദാസ്.ജി. | എച്ച്.എം. | 01-05-2021 | 25-10-2021 |
| ശ്രീമതി ബിന്ദു.എസ്.എസ്. | എച്ച്.എം. | 26-10-2021 | 30-11-2021 |
| ശ്രീ. ജോസ്.എം.എ. | എച്ച്.എം. | 01-12-2021 | 31-03-2022 |
| ശ്രീമതി അശ്വതി.എസ്.പ്രസാദ്. | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2021 | 20-03-2022 |
| ശ്രീമതി | അസിസ്റ്റൻറ് എഞ്ചിനീയർ | 21-03-2022 | 31-03-2022 |

| | | | |
|---|---|---|---|
| സന്ധ്യ.ആർ.നായർ. | | | |
| ശ്രീ. വിനോദ്.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 17-04-2021 |
| ശ്രീമതി ഗീതുമോൾ.വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 18-04-2021 | 01-07-2021 |
| ശ്രീമതി ബീന.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-07-2021 | 31-03-2022 |
| ശ്രീ. സുനിൽ കുമാർ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് അപാകങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമ പദ്ധതികൾ | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി | 1-5-1 |
| 9 | ക്യാഷ് പരിശോധന | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 12 | തൊഴിലുറപ്പ് പദ്ധതി - വിവിധ അപാകങ്ങൾ | 1-8-1 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 14 | വസ്തു നികുതി - അപാകങ്ങൾ | 1-10 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ 968859/- രൂപ കുടിശ്ശിക | 1-10-1 |
| 16 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് തെറ്റായി നികുതി ഇളവ് നൽകി | 1-10 -2 |
| 17 | സഞ്ചയയിലെ ഉപയോഗക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 18 | രസീത് പ്രകാരമുള്ള കളക്ഷൻ തുകയും സഞ്ചയയിലെ കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 19 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - അപാകങ്ങൾ | 1-11 |
| 20 | വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-12 |
| 21 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-13 |
| 22 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-14 |
| 23 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-15 |
| 24 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-16 |
| 25 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം | 1-17 |
| 26 | ജാഗ്രതാ സമിതിക്ക് ഓഫീസ് സജ്ജീകരിക്കേണ്ടതാണ് | 1-18 |
| 27 | ഐ.സി.ഡി.എസ് കോ- ഓർഡിനേഷൻ കമ്മിറ്റി പ്രവർത്തനം | 1-19 |

| | | |
|---|---|---|
| | കാര്യക്ഷമമാക്കേണ്ടതാണ്. | |
| 28 | പി.എച്ച്.സിയിലെ കുഴൽ കിണർ നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 80,271 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 29 | പൈപ്പ് ലൈനിന് വേണ്ടി വാട്ടർ അതോറിറ്റി കുഴിച്ച റോഡിനായി റെസ്റ്റൊറേഷൻ ചാർജ് ഈടാക്കുന്നില്ല. | 1-21 |
| 30 | വീടുകളിൽ ബയോ കമ്പോസ്റ്റർ ബിൻ സ്ഥാപിക്കൽ - ജി.എസ്.ടി തുക കുറവ് ചെയ്യില്ല | 1-22 |
| 31 | ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. | 1-23 |
| 32 | ബഡ്സ് സ്കൂൾ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം | 1-24 |
| 33 | കോവിഡ് CFLTC പ്രവർത്തനം ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-25 |
| 34 | വിവിധ നിക്ഷേപ പ്രവൃത്തികൾ -പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-26 |
| 35 | ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും | 1-27 |
| 36 | ജലജീവൻമിഷൻ കുടിവെള്ള കണക്ഷൻ പൂർത്തീകരണം | 1-28 |
| 37 | പത്രങ്ങളിൽ പരസ്യം നൽകൽ - അർഹമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല | 1-29 |
| 38 | തെരുവുവിളക്ക് പരിപാലനം ക്രമപ്രകാരമല്ല | 1-30 |
| 39 | ഭവന പുനരുദ്ധാരണം-കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണയിച്ചതിൽ അപാകം | 1-31 |
| 40 | ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-32 |
| 41 | ന്യൂലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ | 1-33 |
| 42 | ക്ഷീര സമൃദ്ധി - ക്ഷീരസംഘത്തിൽ നിന്നുള്ള രേഖകൾ കൂടാതെ സബ്സിഡി തുക അനുവദിക്കുന്നു | 1-34 |
| 43 | മൃഗസംരക്ഷണം - 2021-22 വർഷം നിർവഹണം നടത്തിയ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല- 3811508/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 182015047/- രൂപ വരവും 180272441/-രൂപ ചെലവും 1742606/- രൂപ നീക്കിയിരിപ്പുമാണ്.

### 1-1-1 ബജറ്റ് അപാകങ്ങൾ

പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്.

ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതും നിർദ്ദേശിച്ചതിൽ കൂടുതലും ആയ ചെലവുകൾ ചെയ്തിട്ടുണ്ടെങ്കിലും ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല. 2022-23 ലെ ബജറ്റിനോടൊപ്പം ബജറ്റ് റിവൈസ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ബജറ്റ്, വാർഷികധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. ബജറ്റിൽ വകയിരുത്താതെ വിവിധയിനങ്ങളിൽ തുക ചെലവഴിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം) | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2512004 | Medicines | - | 500000 |
| 3208002 | Contributions To CMDRF | - | 8000 |
| 2105001 | Employer's Provident Fund Contribution | - | 221822 |

2. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവ് ചെയ്തു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം) | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2201201 | വാർത്താവിനിമയ ചെലവുകൾ | 75000 | 93403 |

3.ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് (ബജറ്റ്) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2512026 | Sanitation & Waste Management -Public | 21,29,960 | - |
| 2 | 2514201 | Anganwadi Infrastructure | 200000 | - |
| 3 | 2516301 | Electricity Line Extension | 1095434 | - |
| 4 | 2531001 | Drinking Water Related Projects | 2001769 | - |
| 5 | 2103001 | Pension Contribution | 650000 | - |

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് (ബജറ്റ്) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| | | | | |

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 37/17.01.2023- ന് മറുപടിയായി വരും വർഷങ്ങളിൽ പിഴവുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബജറ്റ് മാന്വലിലെ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും വരും വർഷങ്ങളിൽ മേൽ അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 04.06.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങളും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.14/11.01.2023, 31/16.01.2023) ലഭിച്ച മറുപടിയും ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. 2021-22 സാമ്പത്തിക വർഷം അവസാനം ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് മൂല്യ നിർണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ILGMSൽ നിലവിൽ പ്രസ്തുത ഷെഡ്യൂൾ ലഭ്യമല്ലായെന്നും, ആയത് ലഭ്യമാക്കുന്നതിന് വകുപ്പ് മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

3) വസ്തു നികുതിയിൽ വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
| Property Tax On Residential Building - Current | 1400926 | 1358432 | 1434550 * | 523772 | 6027 ** | 816494 |
| Property Tax On Non Residential Building - Current | 4528619 | 3615694 | 1762935 | 595011 | 2903968 | 3038066 |
| Property Tax On Residential Building - Arrear | 211602 | 533438 | 147779 | 73401 | 56435 | 460615 |
| Property Tax On Non Residential Building - Arrear | 3937987 | 13693170 | 351764 | 210960 | 3568635 | 13487605 |

*മുൻവർഷത്തെ AFS പ്രകാരമുള്ള അഡ്വാൻസ് കളക്ഷൻ ഉൾപ്പെടെയാണ്.

** ബാലൻസ് തുക ഡിമാന്റ്, കളക്ഷൻ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
സഞ്ചയ സോഫ്റ്റ്‌വെയറിലെ സ്റ്റേറ്റ്മെന്റ് വിശദമായി പരിശോധിച്ച് തുകകളിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4) കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ആയി നൽകിയ തുകയിൽ ചെലവാക്കാതെ അവശേഷിച്ച 348812/- രൂപ 23/03/2022 ൽ തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക B-4, B-18 ഷെഡ്യൂളുകളിൽ ക്രമീകരിച്ചിട്ടില്ല. ഏത് പ്രവൃത്തിക്ക് നൽകിയ തുകയുടെ "Balance Amount " ആണ് തിരികെ ലഭിച്ചതെന്നും, പ്രസ്തുത പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോയെന്നതും സംബന്ധിച്ച വിവരം ആവശ്യപ്പെട്ടതിന് പ്രസ്തുത തുക ഏതൊക്കെ പ്രവൃത്തികളുടെ ബാലൻസ് തുകയെന്ന് കണ്ടുപിടിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും വാട്ടർ അതോറിറ്റിയിൽ നിന്ന് വിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5) എം.എൻ.ആർ.ഇ.ജി എസ്, ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ടുള്ള ചെലവ് 28960000/- രൂപയാണ്(01.04.2022 ലെ സ്റ്റേറ്റ്മെന്റ്). എന്നാൽ വാർഷികധനകാര്യ പത്രികയിൽ നേരിട്ടുള്ള ചെലവ് 28770362/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റിൽ റിജക്ഷൻ തുകകൾ ഉൾപ്പെടെയുള്ള തുകകളാണ് കാണിച്ചിരിക്കുന്നതെന്നും യഥാർത്ഥ ചെലവാണ് വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതെന്നും അറിയിച്ചിട്ടുണ്ട്.

6) 2021-22 വർഷത്തെ RP-32പ്രകാരം 330500201 Secured Loan KURDFC ലോൺ തുക 59,60,000/- രൂപയാണ്. എന്നാൽ 440500101 Prepaid Program Expense (Rp-45) പ്രകാരം 5500000/- രൂപ മാത്രമാണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. ചെലവാക്കാൻ സാദ്ധ്യതയുള്ള തുക ലൈഫ് മിഷനിൽ നിന്നും ലഭ്യമാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നതെന്നും പ്രസ്തുത തുകയിൽ നിശ്ചിത സ്റ്റേജ് പൂർത്തിയാക്കുന്ന ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുകയാണെന്നും, പ്രതീക്ഷിച്ച ഗുണഭോക്താക്കൾ ആ സമയത്ത് തന്നെ പണി പൂർത്തിയാക്കി റിപ്പോർട്ട് ചെയ്യാത്തതിനാലാണ് ലോൺ ഇനത്തിൽ തുക ബാക്കി നിൽക്കാൻ കാരണമായതെന്നും ഈ തുക 2022-23 വർഷം ചെലവഴിച്ചതായും അറിയിച്ചിട്ടുണ്ട്.

7) 2020-21 വർഷത്തെ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ഇനങ്ങൾ 2021-22 സാമ്പത്തിക വർഷവും ക്രമീകരിച്ചിട്ടില്ല

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers | 42000 |
| 460600101 | Electricity Deposits | 7200 |
| 460100103 | Temporary Advance For Official Purpose | 1418 |

പ്രസ്തുത ഇനങ്ങൾ 2022-23 വർഷം ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

8) തൊഴിൽ രഹിതവേതനം ഇനത്തിൽ 2021-22 സാമ്പത്തിക വർഷം 48120/- രൂപ ചെലവഴിച്ചുവെങ്കിലും 32160/- രൂപ മാത്രമാണ് ഈയിനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ വരവായും ചെലവായും (RP-7 & RP-19) രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമായി ചെലവഴിച്ച 60,000/- രൂപയുടെയും വരവ് ചെലവ് വിവരങ്ങൾ RP-7 , RP-19 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
തൊഴിൽ രഹിത വേതനം ഇനത്തിൽ ചെലവാക്കിയ ഒരു ഗഡു തുകയ്ക്ക് രസീതും പേയ്മെന്റും ചെയ്തിട്ടുള്ളതിനാലാണ് പ്രസ്തുത തുക RP സ്റ്റേറ്റ്മെന്റിൽ വന്നിട്ടുള്ളതെന്നും മറ്റ് തുകകൾ ജേണൽ എൻട്രി വരുത്തിയിട്ടുള്ളതും ആയത് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

9) 450610102 SBT Littaracy -7208 ഹെഡിൽ 9614/- രൂപ മുന്നിരിപ്പായും നീക്കിയിരിപ്പായും രേഖപ്പെടുത്തിയിട്ടുണ്ട്. 2017 മുതൽ പ്രവർത്തനരഹിതമായ അക്കൗണ്ട് ക്ലോസ് ചെയ്ത് തുക തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് നിലവിൽ അൺഓപ്പറേറ്റിംഗ് ആണെന്നും ആക്ടീവാക്കിയ ശേഷം തുക തനത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

10)റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ, നല്കി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക്/ ട്രഷറി | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|
| Treasury Own Fund ( LGTSB 799013000000934) | 5237018/30.09.2020 | 1406 |

| | | |
|---|---|---|
| SBI Own Fund ( 00000067005962308) | 231107/30.12.19 | 700 |
| | 832638/16.07.20 | 34969 |
| | 832639/16.07.20 | 5000 |
| | 832640/16.07.20 | 5640 |
| | 439953/11.11.20 | 1384 |
| | 764959/03.03.21 | 6000 |
| | 968379/24.02.21 | 500 |
| | 968393/26.02.21 | 1930 |
| | 811285/31.03.21 | 10245 |
| | 485200/16.08.21 | 950 |
| | 485199/16.08.21 | 3600 |
| | 485222/17.09.21 | 1500 |
| | 485233/18.09.21 | 230 |

നിശ്ചിത തീയതി കഴിഞ്ഞും പണമാക്കി മാറ്റാത്ത ചെക്കുകൾ ഭരണ സമിതി തീരുമാനത്തിന് വിധേയമായി Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

11) തൊഴിൽരഹിത വേതനമായി അനുവദിച്ച തുകയിൽ 1920/- രൂപ 31/03/2022 -ൽ തിരിക ലഭിച്ചിട്ടുണ്ട്. യഥാർത്ഥ ഗുണഭോക്താവിന്റെ അതേ പേരിലുള്ള മറ്റൊരു ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കാണ് തുക അനുവദിച്ചതെന്നും തെറ്റായി നൽകിയ തുക തിരികെ തനത് ഫണ്ടിലേയ്ക്ക് അടവാക്കിയതായും അറിയിച്ചിട്ടുണ്ട്. യഥാർത്ഥ ഗുണഭോക്താവിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് എംപ്ലോയ്മെന്റ് ഓഫീസറോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുകയാണെന്നും മറുപടിയുടെ അടിസ്ഥാനത്തിൽ തുക യഥാർത്ഥ ഗുണഭോക്താവിന് നൽകുന്നതിനോ സർക്കാരിലേയ്ക്ക് തിരികെ അടവാക്കുന്നതിനോയുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

12) 2020-21 സാമ്പത്തിക വർഷം അങ്കണവാടി പോഷകാഹാര വിതരണം ( SO051/20) പ്രോജക്ട് പ്രകാരം സപ്ലൈകോയ്ക്ക് അധികമായി നൽകിയ 10566/- രൂപ 23/03/2022 -തിരികെ അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുക കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും അനുവദിച്ചിരുന്ന തുകയാണെന്നും, തിരികെ ലഭ്യമായ തുക തനത് ഫണ്ടിലാണ് അടവാക്കിയതെന്നും ആയത് കേന്ദ്രാവിഷ്കൃത വിഹിതത്തിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ബി- 4 ഷെഡ്യൂളിൽ ക്രമീകരിക്കേണ്ടതാണ്.

13)അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആസ്തി രൂപീകരണത്തിനായി നൽകിയ പാർട്ട് ബിൽ 356424/- രൂപയാണ്(പ്രോജക്ട് നം. 118/21 – താന്നിമൂട് ലക്ഷംവീട് കോളനിയിൽ കിണർനിർമ്മാണവും കുടിവെള്ള സൗകര്യ പൂർത്തീകരണവും). എന്നാൽ Capital Work In Progress ഹെഡിൽ പ്രസ്തുത തുക നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14059779 | 14059779 | 15738000 | -1678221 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9287890 | 9287890 | 10822000 | -1534110 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7069789 | 7069789 | 4319798 | 2749991 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3339354 | 3339354 | 2217298 | 1122056 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7479000 | 7479000 | 4782192 | 2696808 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4854320 | 4854320 | 4206756 | 647564 |

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങളും, ആയതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/11.01.2023 -ന് നൽകിയ മറുപടിയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | Grant Statement | 14059779 | 15738000 | -1678221 |
| | ACR | 14059779 | 13977001 | 82778 |
| Development Fund (SCP) | Grant Statement | 9287890 | 10822000 | -1534110 |
| | ACR | 9287890 | 9287890 | 0 |

വ്യത്യാസം പരിഹരിക്കുന്നതിന് ഐ.കെ.എം -ന് അറിയിപ്പ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2)ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 10419368 | 7696890 | 73.87 |
| | പട്ടിക ജാതി | 2957500 | 1557250 | 52.6 |
| സേവനം | പൊതുവിഭാഗം | 38105049 | 28999465 | 76.1 |
| | പട്ടിക ജാതി | 27766159 | 16682377 | 60.08 |
| പശ്ചാത്തലം | പൊതുവിഭാഗം | 12019201 | 7566633 | 62.95 |
| | പട്ടിക ജാതി | - | - | - |

എല്ലാ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 377040 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 367380 |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ കണ്ടെത്തി അടിയന്തിര

പ്രാധാന്യത്തോടു കൂടി തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 5500408 | 3308891 | 60.1 |
| കുട്ടികൾ | 500000 | 251170 | 50.2 |
| വൃദ്ധർ | 644000 | 641760 | 99.7 |
| ഭിന്നശേഷിയുള്ളവർ | 10000 | 0 | 0 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 1099120 | 642947 | 58.4 |

വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ജനകീയ ഹോട്ടൽ എന്നീ രണ്ട് പദ്ധതികൾ മാത്രമാണ് നിർവഹണം നടക്കാതിരുന്നതെന്നും, ഇതിൽ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം എന്ന പദ്ധതിക്ക് താൽപര്യം ഉള്ള ഗുണഭോകാതാക്കളെ ലഭിക്കാത്തതിനാലും, ജനകീയ ഹോട്ടൽ നടത്തിപ്പുകാർക്ക് പദ്ധതിയിൽ നിന്നും അനുവദിക്കാൻ കഴിയുന്ന തരത്തിലുള്ള ചെലവുകൾ ഒന്നും തന്നെ ഉണ്ടാകാതിരുന്നതിനാലും പദ്ധതി നിർവഹണം സാധ്യമാകാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. വനിതാ ഘടക പദ്ധതിയിലെ മറ്റ് എല്ലാ പദ്ധതികളും നിർവഹണം പൂർത്തീകരിച്ചിട്ടുള്ളതും പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള പ്ലാൻ ഫണ്ട് ചെലവഴിച്ചിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

കുട്ടികൾക്ക് വേണ്ടി ഏറ്റെടുത്തിട്ടുള്ള രണ്ട് പദ്ധതികളും നിർവഹണം പൂർത്തീകരിച്ചതായും , ഇതിൽ എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പദ്ധതി നിർവഹണം പൂർത്തിയാക്കിയത് മാർച്ച് മാസത്തിലായതിനാൽ ബിൽ മാറാതെ സ്പിൽ ഓവർ ആകുകയാണുണ്ടായതെന്നും അറിയിച്ചിട്ടുണ്ട്.

ഭിന്നശേഷിയുള്ളവർക്കായി ഏറ്റെടുത്തിരുന്ന സ്പീച്ച് ബിഹേവിയർ തെറാപ്പി എന്ന പദ്ധതി കോവിഡ് സാഹചര്യം നിലനിന്നതിനാൽ നടപ്പാക്കാൻ കഴിഞ്ഞില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് ദുർബല വിഭാഗങ്ങൾക്ക് വേണ്ടി ഏറ്റെടുത്തിട്ടുള്ള മൂന്ന് പദ്ധതികളും നിർവഹണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഇതിൽ പാഥേയത്തിന്റെ രണ്ട് പ്രോജക്ടുകളിലും വകയിരുത്തിയിട്ടുള്ള ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കേണ്ടത് ജില്ലാ പഞ്ചായത്താണെന്നും ഗ്രാമപഞ്ചായത്ത് വിഹിതം പൂർണമായും ജില്ലാ പഞ്ചായത്തിന് കൈമാറിയതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 14 | 14 | 0 | 100 | 5100093 | 4999803 | 96 |
| Ii | വെറ്റിനറി സർജൻ | 22 | 20 | 2 | 91 | 7421775 | 3811508 | 51 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 8 | 8 | 0 | 100 | 3342240 | 3210868 | 96 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 3 | 0 | 100 | 1150000 | 1150000 | 100 |
| V | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ1 | 7 | 5 | 2 | 71 | 7114700 | 5183700 | 73 |
| Vi | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 8 | 2 | 80 | 2991500 | 2817018 | 94 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| Vii | സെക്രട്ടറി | 32 | 26 | 6 | 81 | 14434068 | 12303013 | 85 |
| Viii | എച്ച്.എം. | 4 | 3 | 1 | 75 | 700829 | 421708 | 60 |
| Ix | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ2 | 11 | 11 | 0 | 100 | 33780000 | 19264739 | 57 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 44 | 28 | 16 | 64 | 12998952 | 7840103 | 60 |
| Xi | ഡയറിഫാം ഇൻസ്പക്ടർ | 2 | 2 | 0 | 100 | 505000 | 505000 | 100 |
| Xii | അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 2 | 71 | 1728120 | 995155 | 58 |
| ആകെ | | 164 | 133 | 31 | 81 | 91267277 | 62502615 | 68 |

1)ആകെ വകയിരുത്തിയ ഫണ്ടിന്റെ 68 ശതമാനം ചെലവഴിച്ചു.

2)എ)അസിസ്റ്റന്റ് സെക്രട്ടറി വകയിരുത്തിയ ഫണ്ടിന്റെ 58ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ജനകീയ ഹോട്ടലിൽ നിന്നും റിക്വിസിഷനൊന്നും ലഭ്യമാക്കാത്തതിനാൽ തുക ചെലവഴിക്കാനായില്ലെന്നും സ്മാർട്ട് ക്ലാസ് പ്രോജക്ടിനായി കെൽട്രോണിന് സപ്ലൈ ഓർഡർ നല്കിയെങ്കിലും ഉപകരണങ്ങൾ ലഭ്യമാക്കാത്തതിനാൽ തുക ചെലവഴിച്ചില്ലെന്നും ബഡ്സ് സ്കൂളിനായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം കോവിഡ് ആയതിനാൽ ചെലവഴിക്കേണ്ടിവന്നില്ലായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 07/11.01.2023ന്റെ മറുപടി).

ബി)അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 44 പ്രോജക്ടുകളിൽ 16 എണ്ണം നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 60 ശതമാനം മാത്രമാണ് ചെലവഴിച്ചത്. നടപ്പാക്കാത്ത പ്രോജക്ടുകളെല്ലാം ഭേദഗതിയിൽ പുതിയ റിവിഷൻ പ്രോജക്ടുകളായി വന്നതാണെന്നും ഫെബ്രുവരി മാസത്തിൽ ടെന്റർ നടത്തി കരാർ വച്ചതാണെന്നും മാർച്ചിനുള്ളിൽ പൂർത്തീകരിക്കാൻ സാധിച്ചില്ലായെന്നും വിശദീകരിച്ചിട്ടുണ്ട്.

3)തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | S0149/22 | പാലച്ചിറ പള്ളി ചാണിക്കൽ റേഷൻകട റോഡ് ബാക്കിഭാഗം റീടാറിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| Ii | S0150/22 | എംഎൽപിഎസ് പാലച്ചിറ കണ്ണാട്ട റോഡ് ബാക്കിഭാഗം റീടാറിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പ്രവൃത്തികളുടെ കരാറുകാരൻ പല തവണ കത്തയച്ചിട്ടും പ്രവൃത്തി ചെയ്യാൻ തയ്യാറായില്ലായെന്നും ഭരണസമിതിയെ ഇക്കാര്യം അറിയിച്ചിട്ടുള്ളതായും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്തതിനുശേഷം നടപ്പാക്കാത്ത കരാറുകാർക്കെതിരെ നടപിടകൾ സ്വീകരിക്കേണ്ടതാണ്.

ബി)പദ്ധതി ആസൂത്രണം

1)ആസൂത്രണ സമിതി

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതി 28.01.2021 ൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും മേൽ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. 15.01.2021-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാന പ്രകാരം ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

2) വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത മീറ്റിംഗിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3)സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന അതീവ ഗുരുതര / ഗുരുതര പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. ( ഓഡിറ്റ് എൻക്വയറി നമ്പർ 09/11.01.2023 -ന്റെ മറുപടി പ്രകാരം)

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | പരിഹാരം |
|---|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | ഗുരുതരം | ഘടക സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത | പി.എച്ച്.സി കുഴൽ കകിണർ നിർമ്മാണം, കെ.ജി.ജി എൽ പി എസ് ഓഫീസ റൂം അറ്റകുറ്റപണികൾ, എഫ്.എച്ച്.സി മെയിന്റനൻസ് എന്നിവയ്ക്ക് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| | | ഗുരുതരം | പൊതു ജനങ്ങൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത | ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടുണ്ട്. |
| Ii | കൃഷി | അതീവ ഗുരുതരം | നെൽകൃഷിയിലെ ഉൽപാദന കുറവ് | സുഭിക്ഷ കേരളം പദ്ധതി, കേദാരം നെൽകൃഷി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് |
| | | അതീവ ഗുരുതരം | പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടാനാവുന്നില്ല | ഗ്രോബാഗിൽ പച്ചക്കറി കൃഷി വ്യാപനം, ജൈവ സമൃദ്ധി - ജൈവ പച്ചക്കറി വ്യാപന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് |
| Iii | മൃഗ സംരക്ഷണം | അതീവ ഗുരുതരം | കന്നുകാലികളുടെ ആരോഗ്യപ്രശ്നം | കാലിത്തീറ്റ സബ്സിഡി, കാലിത്തൊഴുത്ത് നവീകരണം എന്നിവയ്ക്ക് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| Iv | വികസന മേഖല | ഗുരുതരം | വായ്പ ലോണുകൾ ലഭിക്കുന്നില്ല | സംരംഭകർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് |
| | | ഗുരുതരം | ഉൽപന്നങ്ങൾക്ക് മാർക്കറ്റിങ് സംവിധാനമില്ല | കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുണ്ട് |
| V | ദാരിദ്യ ലഘൂകരണം | ഗുരുതരം | കുടിവെള്ളം ലഭ്യതയില്ലായ്മ | ജലജീവൻ മിഷൻ പദ്ധതിയും, കുടിവെള്ള പൈപ്പ്ലൈൻ വ്യാസം വർദ്ധിപ്പിക്കൽ എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട് |
| | | ഗുരുതരം | ഭവന നിർമ്മാണം പകുതി വഴിയിൽ ഉപേക്ഷിച്ചവർ | വീട് വാസ യോഗ്യമാക്കൽ (എസ്.സി ) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് |
| | | ഗുരുതരം | തൊഴിലില്ലായ്മ | ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം ആവിഷ്കരിച്ചിട്ടുണ്ട് |
| Vi | വനിതാ വികസനം | അതീവ ഗുരുതരം | സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള മാനസിക അവസ്ഥ ഇല്ലായ്മ | ജ്വാല പദ്ധതി രൂപീകരിക്കുകയും വുമൺ ഫെസിലിറ്റേറ്റർമാരുടെ സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| | | അതീവ ഗുരുതരം | വർദ്ധിച്ചു വരുന്ന വിവാഹ മോചനങ്ങളും കുടുംബ പ്രശ്നങ്ങളും | പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ട് |
| Vii | പട്ടിക ജാതി വികസനം | അതീവ ഗുരുതരം | ഭൂരഹിതരായ / ഭവന രഹിതരായ കുടുംബങ്ങൾ | ലൈഫ് ഭവനപദ്ധതി ( എസ്.സി), ന്യൂ - ലൈഫ് ലക്ഷം വീട് വാസയോഗ്യമാക്കൽ , ലൈഫ് ഭവന പദ്ധതി ഭൂമി വാങ്ങൽ എന്നീ പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ട്. |

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 48120 | 29 |
| കർഷകതൊഴിലാളി പെൻഷൻ | 966300 | 63 |
| വിധവാപെൻഷൻ | 15213800 | 987 |
| വാർദ്ധക്യകാലപെൻഷൻ | 28247200 | 2048 |
| വികലാംഗപെൻഷൻ | 4445900 | 281 |
| വിവാഹധനസഹായം | 60000 | 2 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 471500 | 30 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടുകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന സോഫ്റ്റ്‌വെയർ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ മരണശേഷവും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | സ്റ്റാറ്റസ് | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 1 | 102300200293 | സി. ശിവപ്രകാശൻ | 09.01.2022 | വാർദ്ധക്യ കാല പെൻഷൻ | 02/2022 മുതൽ 11/2022 വരെ | ആക്ടീവ് | 16000 ( 1600 X 10) |
| 2 | 102300600489 | ഗോമതി കെ | 01.02.2022 | വിധവാ പെൻഷൻ | 03/2022 മുതൽ 04/2022 വരെ | സസ്പെൻഡ് | 3200 ( 1600 X2) |
| 3 | 102300202114 | ഹൈമവതി | 21.02.2022 | വാർദ്ധക്യ കാല പെൻഷൻ | 03/2022 മുതൽ 11/2022 വരെ | ആക്ടീവ് | 14400 ( 9 X 1600) |
| 4 | 102300201853 | ശാന്തകുമാരി | 25.02.2022 | വാർദ്ധക്യ കാല പെൻഷൻ | 03/2022 മുതൽ 04/2022 വരെ | സസ്പെൻഡ് | 3200 ( 1600 X2) |
| 5 | 102300200023 | സരസമ്മ പി | 28.02.2022 | വാർദ്ധക്യ കാല പെൻഷൻ | 03/2022 മുതൽ 11/2022 വരെ | ആക്ടീവ് | 14400 ( 9 X 1600) |
| 6 | 102300200741 | വിദ്യാധരൻ | 18.04.2022 | വാർദ്ധക്യ കാല പെൻഷൻ | 05/2022 മുതൽ 11/2022 വരെ | ആക്ടീവ് | 4200 (600x4) |
| 7 | 102300202025 | വാമദേവൻ | 04.06.2021 | വാർദ്ധക്യ കാല പെൻഷൻ | 07/2021 മുതൽ 09/2022 വരെ | സസ്പെൻഡ് | 9000 ( 600 X 15) |
| 8 | 102300202192 | ഉഷ | 28.05.2021 | വാർദ്ധക്യ കാല പെൻഷൻ | 06/2021 മുതൽ 01/2022 വരെ | സസ്പെൻഡ് | 12800 ( 1600 X 8) |
| 9 | 102300201841 | രാമഭദ്രൻ.എ | 27.04.2021 | വാർദ്ധക്യ കാല പെൻഷൻ | 05/2021 മുതൽ 05/2022 വരെ | സസ്പെൻഡ് | 20800 ( 1600 X 13) |
| 10 | 102300200815 | ശ്യാമള.എസ് | 18.05.2021 | വാർദ്ധക്യ കാല പെൻഷൻ | 06/2021 മുതൽ 11/2022 വരെ | ആക്ടീവ് | 28800 ( 1600 X 18) |
| 11 | 102300201500 | സരോജിനി | 06.07.2021 | വാർദ്ധക്യ കാല പെൻഷൻ | 08/2021 മുതൽ 11/2022 വരെ | ആക്ടീവ് | 25600 (1600 X 16) |
| 12 | 102300100164 | സരോജിനി.എൻ | 19.07.2021 | കർഷക തൊഴിലാളി പെൻഷൻ | 08/2021 മുതൽ 11/2022 വരെ | ആക്ടീവ് | 25600 (1600 X 16) |
| 13 | 102300201916 | തങ്കപ്പൻപിള്ള | 26/10/2021 | വാർദ്ധക്യ കാല പെൻഷൻ | 11/2021 മുതൽ 11/2022 വരെ | ആക്ടീവ് | 7800 ( 600 X 13) |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുന്നതിനായി ലഭ്യമാക്കിയ അപേക്ഷകളിൽ മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ ഉൾപ്പെട്ട അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത്.

മേൽ ലിസ്റ്റിൽ ഉൾപ്പെട്ട, മരണശേഷവും പെൻഷൻ അനുവദിച്ചിട്ടുള്ളവരുടെ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്തതായും മരണശേഷവും പെൻഷൻ അനുവദിച്ചവരുടെ അക്കൗണ്ടിൽ നിന്നും തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/17.01.2023 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുന്ന മരണപ്പെട്ടവരിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ ആയത് കണ്ടെത്തി , പ്രസ്തുത വ്യക്തികളെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട, എന്നാൽ മറ്റു തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ

കൈപ്പറ്റുന്നവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2023, 10.40AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,280രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം താഴെപ്പറയുന്ന നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. നൂറുശതമാനം വസ്തു നികുതി പിരിവിനായി 32/19.11.2021-ാം നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ, ബാലൻസ് ഷീറ്റ് പ്രകാരം 2021-22 വർഷം വസ്തു നികുതിയിനത്തിൽ 65,35,065/- രൂപ കുടിശ്ശികയുണ്ട്.

2) ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്താറുണ്ടെങ്കിലും റിവ്യൂ മീറ്റിംഗുകൾ നടത്തുന്നില്ല. വസ്തു നികുതി സംബന്ധിച്ച റിവ്യൂ മീറ്റിംഗുകൾ വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടെ 14 ദിവസത്തിലൊരിക്കൽ നടത്താറുണ്ടെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 38/17.01.2023ന്റെ മറുപടി).

3) 12.04.2021ലെ സ്റ്റാഫ് മീറ്റിംഗിൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ടെയിഡേഴ്സ് ലിസ്റ്റ് പ്രകാരം 282 സ്ഥാപനങ്ങളുണ്ട്. എന്നാൽ, 2021-22 വർഷം 212 എണ്ണത്തിനാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ടെയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു സ്ക്വാഡ് രൂപീകരിച്ചിരുന്നുവെന്നും ലിസ്റ്റിൽ ഉൾപ്പെട്ട 282 സ്ഥാപനങ്ങൾക്കും നോട്ടീസ് നല്കിയെങ്കിലും 212 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിരുന്നുള്ളുവെന്നും വിശദീകരിച്ചിട്ടുണ്ട്.

4) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്.

2021-22 വർഷം പൌരാവകാശരേഖ പരിഷ്കരിച്ചുവെങ്കിലും പൊതുജനങ്ങൾക്ക് വിതരണം ചെയ്തില്ല. പകരം, ഫ്രണ്ട് ഓഫീസിലും സാമൂഹ്യ മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുകയാണുണ്ടായത്.

5)വസ്തുനികുതി സംബന്ധിച്ച് ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6)സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

7)വിവിധ നിക്ഷേപ പ്രവൃത്തികൾ -പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതുണ്ട്.

8)വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകൾ ലഭ്യമാക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തിയിട്ടുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4361 | 563687 | 568048 | 565949 | 2099 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28770362 | 28770362 | 28770362 | 0 |
| ആകെ | 4361 | 563687 | 29334049 | 29336311 | 2099 |

## 1-8-1 തൊഴിലുറപ്പ് പദ്ധതി - വിവിധ അപാകങ്ങൾ

I)

| | |
|---|---|
| വർക്ക് കോഡ് | 1614010002/DP /327375 |
| പ്രവൃത്തിയുടെ പേര് | വൃക്ഷത്തൈകളുടെ ഉത്പാദനത്തിനും പരിപാലനത്തിനും വേണ്ടിയുള്ള നഴ്സറികളുടെ |

| | |
|---|---|
| | രൂപീകരണം |
| എം.ബുക്ക് നമ്പർ | രേഖപ്പെടുത്തിയിട്ടില്ല |
| ചെലവ് തുക | 46472/- |

അപാകങ്ങൾ

1)2021-22 വർഷത്തെ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ കവർ പേജ്, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ കോപ്പി, ജനകീയ എസ്റ്റിമേറ്റ്, വേജ് ലിസ്റ്റ്, ഫണ്ട് ട്രാൻസ്ഫർ ഓർഡർ എന്നിവ സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ എം.ബുക്കിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, 25125 നമ്പർ മസ്റ്റർ റോളിൽ തിരുത്തൽ വരുത്തിയിട്ടുമുണ്ട്. സൈറ്റ് ഡയറിയിലെയും, ഫയൽ ട്രാക്കിംഗ് ഫോറത്തിലെയും രേഖപ്പെടുത്തൽ അപൂർണമാണ്.

2) 2021-22 വർഷത്തെ എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ ഖണ്ഡിക 7.6.9 പ്രകാരം തൊഴിലുറപ്പ് പദ്ധതി പ്രകാര സർക്കാർ ഭൂമിയിൽ നടപ്പാക്കുന്ന നഴ്സറികൾ കുറഞ്ഞത് 3 വർഷത്തേയ്ക്ക് നടപ്പാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തി പ്രകാരം ആരംഭിച്ച നഴ്സറിയുടെ തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഭൂമിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സമ്മതപത്രവും ലഭ്യമാക്കിയിട്ടില്ല.

3)എം.എൻ.ആർ.ഇ.ജി.എസ് മുഖേന സ്ഥാപിച്ച നഴ്സറികളിൽ ഉത്പാദിപ്പിച്ച വൃക്ഷത്തൈകൾ പൊതു സ്ഥലങ്ങളിൽ വച്ചു പിടിപ്പിച്ചിട്ടുണ്ട്. 29.05.2018 ലെ പി.എസ്.2/288/2018/തസ്വഭവ(1) നമ്പർ സർക്കുലർ പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് മുഖേന സ്ഥാപിച്ച നഴ്സറികളിൽ ഉത്പാദിപ്പിച്ച വൃക്ഷത്തൈകൾ പരിപാലിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഫയൽ പരിപാലനത്തിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും നഴ്സറികളിലെ പ്രവർത്തനങ്ങൾ അതത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനാലാണ് തുടർ നടപടികൾ സ്വീകരിക്കാത്തതെന്നുമാണ് അറിയിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നം.41/17.01.2023). എം.എൻ.ആർ.ഇ.ജി.എസ് മുഖേന സ്ഥാപിച്ച നഴ്സറികളിൽ ഉത്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ച തുടർനടപടികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് നിർവഹണ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

II)

| | |
|---|---|
| വർക്ക് കോഡ് | 1614010002/LD/429524 |
| പ്രവൃത്തിയുടെ പേര് | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾ |
| എം.ബുക്ക് നമ്പർ | 197/21-22 |
| ചെലവ് തുക | 444058/- |

സ്വകാര്യ വ്യക്തികളുടെ ഭൂമിയിയിൽ പാട്ടക്കൃഷി നടപ്പാക്കുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. 01.06.2015 ലെ സ.ഉ(സാധ).1650/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ പാട്ടകൃഷി നടപ്പാക്കുമ്പോൾ തെങ്ങ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടില്ല. മേൽ പ്രവൃത്തികളുടെ അപേക്ഷകളിലും , സൈറ്റ് ഡയറിപ്രകാരവും തെങ്ങിന് തടം എടുക്കൽ , തെങ്ങുകൾക്ക് കുഴി നിർമ്മിക്കൽ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകളിലും സൈറ്റ് ഡയറിയിലും പ്രവൃത്തി നടപ്പായതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക അനുവദിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 41/17.01.2023) ലഭിച്ച മറുപടിയിൽ അറിയിച്ചിട്ടുള്ളത്. സർക്കാർ വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കുന്നതിന് നിർവഹണ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2021 | 01.01.2021 മുതൽ | 18.02.2022 |

| | | | |
|---|---|---|---|
| | | 31.07.2021 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.12.2012 | 2007-08 മുതൽ 2011-12 വരെ | 17.09.2013 |

## 1-10 വസ്തു നികുതി - അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-10-1 മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ 968859/- രൂപ കുടിശ്ശിക

ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ 2021-22 വർഷം വരെ അടവാക്കാൻ അവശേഷിക്കുന്ന വസ്തു നികുതിയുടെ വിശദാംശവും, വസ്തു നികുതി പിരിക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിവരവും ചുവടെ ചേർക്കുന്നു. ( അവലംബം - ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 10/11.01.2023 -ന്റെ മറുപടി)

| Sl. No | Building ID | Door No. | Owner Name | Owner Address | Total Arrear | നടപടി |
|---|---|---|---|---|---|---|
| 1 | 50230010011548 | 2/1/UA | Vodafone Essar Cellular Ltd | Venkarath Towers, 8th Floor, N.H.47 | 707616 | 2013-14 മുതൽ 2022-23 ഒന്നാം അർദ്ധവർഷം വരെയുള്ള തുകയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2 | 50230010010206 | 13/90/C | Haridas | Hari Nivas | 20695 | 2021-22 മുതൽ 2022-23 ഒന്നാം അർദ്ധവർഷം വരെയുള്ള തുകയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 3 | 50230010008809 | 14/75/ | M/s Dish Net | Geethanjali Building | 240548 | 2011-12 മുതൽ 2022-23 ഒന്നാം അർദ്ധവർഷം വരെയുള്ള തുകയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ആകെ | | | | | 968859 | |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-10 -2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് തെറ്റായി നികുതി ഇളവ് നൽകി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി ഇളവ് നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 4/154 | സ്മിത | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 12.07 $M^2$ |

പഞ്ചായത്ത് രേഖകൾ പരിശോധിച്ച് പാർപ്പിടേതര കെട്ടിടങ്ങൾക്ക് കെട്ടിട നികുതി ഇളവ് നൽകിയിട്ടുള്ളവ കണ്ടെത്തി അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 25/13.01.2023 -ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-10-3 സഞ്ചയയിലെ ഉപയോഗക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർപരിശോധിച്ചതിൽ സഞ്ചയയിലെ ഉപയോഗ ക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | ലൈസൻസ് അപേക്ഷകൻ | ലൈസൻസ് ആവശ്യകത | സഞ്ചയ ഉപയോഗ ക്രമം |
|---|---|---|---|---|---|
| 1 | 4/205 | കെ.രഘുനാഥൻ | ബി.അജിതകുമാരി | ഫ്ലോർമിൽ | പാർപ്പിടാവശ്യം |
| 2 | 8/276 | എസ്.ലീല ഭായി | എസ്. സുരേഷ് | ബേക്കറി | പാർപ്പിടാവശ്യം |
| 3 | 2/72 | മുഹമ്മദ് ബഷീർ | റോജേഷ് സിംഗ് | കൺസ്ട്രക്ഷൻ കമ്പനി ഓഫീസ് | പാർപ്പിടാവശ്യം |
| 4 | 1/28 C | കെ.സുകേശിനി | നാരായണൻ.എസ് | ഫ്ലോർ മിൽ | നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |

പഞ്ചായത്ത് രേഖകളിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ അടിയന്തിരമായി കണ്ടെത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വസ്തുനികുതി ഈടാക്കുന്നതാണെന്നും വരുംവർഷങ്ങളിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കില്ലായെന്നുമുള്ള വിവരം ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 21/12.01.2023 -ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-10-4 രസീത് പ്രകാരമുള്ള കളക്ഷൻ തുകയും സഞ്ചയയിലെ കളക്ഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ കളക്ട് ചെയ്ത തുകയിൽ, രസീത് പ്രകാരമുള്ള തുകയും സഞ്ചയയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | വർഷം | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | കളക്ട് ചെയ്ത തീയതി | കളക്ഷൻ | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | രസീത് പ്രകാരം | സഞ്ചയ പ്രകാരം |
| 1 | 2 | 28 F | കാസിം നബീസത്ത്ബീവി | 2020 | 38557 | 68 | 20/03/2021 | 272 | 816 |
| 2 | 2 | 29 C | കാസിം/ നബീസത്ത്ബീവി | 2020 | 38557 | 68 | 20/03/2021 | 756 | 1512 |
| 3 | 3 | 23 B | അബ്ദുൽ ഫാരിസി | 2020 | 38555 | 24 | 22/03/2021 | 688 | 1376 |
| 4 | 3 | 77 | സുഹൈൽ | 2020 | 38555 | 24 | 22/03/2021 | 2724 | 5448 |
| 5 | 8 | 10 | എം.എം.മുസ്തഫ | 2020 | 38542 | 65 | 19/03/2021 | 13 | 26 |
| 6 | 8 | 10 B | അക്ബർഷ മുസ്തഫ | 2020 | 38542 | 65 | 19/03/2021 | 1557 | 4671 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7 | 8 | 42 | സുനിതദേവി | 2019 | 38529 | 55 | 23/01/2020 | 137 | 274 |
| 8 | 8 | 52 | ഹരീഷ് | 2020 | 38542 | 99 | 30/03/2021 | 171 | 347 |
| 9 | 8 | 108 A | ചെമ്പകകുട്ടി | 2020 | 38561 | 2 | 28/04/2021 | 18 | 36 |
| 10 | 8 | 168 C | തുളസി | 2020 | 38542 | 65 | 19/03/2021 | 19 | 95 |

കെട്ടിടങ്ങളുടെ വസ്തു നികുതി കളക്ട് ചെയ്യുതിൽ കുറവ് വന്ന തുകയിലുള്ള വ്യത്യാസം സംബന്ധിച്ച വിശദീകരണം രേഖകൾ പരിശോധിച്ച് ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 47/18.01.2023 -ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യത്യാസം പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - അപാകങ്ങൾ

ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ, ലൈസൻസിനായുള്ള അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2021-22വർഷം ലൈസൻസ് നൽകിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ / കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 7/281 | എസ്.മനോജ് | ബേക്കറി |
| 2 | 2/591 C | വി. സുരേഷ് കുമാർ | കർട്ടൻ തയ്ച്ച് നൽകൽ |
| 3 | 2/163 | ദിലീപ് കുമാർ.എസ് | മൊബൈൽ റീചാർജിംഗ് |
| 4 | 3/23-B | മുഹമ്മദ് സഹീദ് | സ്റ്റേഷനറി വ്യാപാരം |
| 5 | 2/12-H | നസീർ.എ | ബോട്ടിൽ ഡ്രിംഗ്സ്, മിനറൽ വാട്ടർ, ഫ്രൂട്ട്സ് വിൽപന |
| 6 | 13/76 D | ജയകുമാർ | വിവാഹാവശ്യത്തിനുള്ള സാധനങ്ങൾ വാടകയ്ക്ക് നൽകൽ |
| 7 | 1/28 L | എസ്. നാരായണൻ | ഫ്ലോർ & ഓയിൽ മിൽ |
| 8 | 2/99 | മുഹമ്മദ് ഇർഫാൻ | സൂപ്പർ മാർക്കറ്റ് |
| 9 | 8/213 | ശിവൻകുട്ടി ചെട്ടിയാർ | ഫ്രൂട്ട്സ് വ്യാപാരം |
| 10 | 9/333 | രാജൻ ഗോപാൽ | ഫോട്ടോസ്റ്റാറ്റ് |

ക്രമ നമ്പർ 8, 9 എന്നിവയിലെ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കി ലൈസൻസ് നല്കിയതായും മറ്റുള്ള സ്ഥാപനങ്ങൾ 2021-22 സാമ്പത്തിക വർഷം താല്കാലികമായി നിർത്തി വച്ചിരുന്നതായി ബോദ്ധ്യപ്പെട്ടതായും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 26/13.01.2022ന്റെ മറുപടി).

2)ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്തിൽ 282 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2021-22

വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 212 വ്യാപാര സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്.
ട്രേഡേഴ്സ് ലിസ്റ്റിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകിയിരുന്നുവെങ്കിലും 212 സ്ഥാപനങ്ങൾ മാത്രമേ അപേക്ഷ സമർപ്പിച്ചിരുന്നുള്ളൂവെന്നും വരും വർഷങ്ങളിൽ എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പരിധിയിൽ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-12 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 1200 നായകളിൽ 750 നായകൾക്ക് ലൈസൻസ് എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. വളർത്തുനായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 114 നായകൾക്കാണ് 2021-22 വർഷം ലൈസൻസ് എടുത്തിട്ടുള്ളത്. വെറ്ററിനറി ആശുപത്രിയിൽ നിന്നും വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം ശേഖരിച്ച് പഞ്ചായത്ത് പരിധിയിലെ വളർത്തു നായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-13 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിൽ 2 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും സ്ഥല പരിശോധന നടത്തി അടിസ്ഥാന സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/12.01.2023 -ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ ഇല്ലാത്ത ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-14 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( നമ്പർ 2/10.01.2023) റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കേണ്ടതാണെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്തതിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ.03/10.01.2023 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്യുകയും കരാറുകാർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുമില്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത്

പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തി

സാംഖ്യ ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുക, സഞ്ചയ സോഫ്റ്റ് വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| Ward No. | Door No. | Sub No. | Owner Details | Receipt ID | Receipt No. | Receipt Date | Amount |
|---|---|---|---|---|---|---|---|
| 6 | 22 | | നസിം (പുന്ന വിള, ചെറുന്നിയൂർ) | 1003696 | 121060101577 | 20/12/2021 | 933 |

സാംഖ്യ റസീപ്റ്റ് ഫ്രണ്ട് ഓഫീസിൽ ക്യാൻസൽ ചെയ്തുവെങ്കിലും സഞ്ചയ സോഫ്റ്റ്വെയറിൽ രസീത് ക്യാൻസൽ ചെയ്യാത്തതിനാൽ സംഭവിച്ച സാങ്കേതിക പിഴവാണെന്നും ആയത് പരിഹരിക്കുമെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 48/18.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സഞ്ചയയിൽ കളക്ഷൻ രേഖപ്പെടുത്തിയതിനാൽ വരും വർഷത്തെ ഡിമാന്റിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതാണ്.

2) രസീത് ബുക്ക് നമ്പർ 20776, രസീത് നമ്പർ 22 പ്രകാരം ശ്രീ. ശ്രീകുമാർ, കാഞ്ഞിരംവിള വീട്, കെട്ടിട നം. 1/155 ന്റെ വസ്തുനികുതിയിനത്തിൽ 283/- രൂപയാണ് ലഭിച്ചതെങ്കിലും ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിൽ പ്രസ്തുത തുക 383/- രൂപയായി രേഖപ്പെടുത്തി പഞ്ചായത്തിൽ അടവാക്കിയ തുക 383/- രൂപയാണ്. ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ എഴുതിയ പിഴവ് മൂലമാണ് ഇത്തരത്തിലൊരു അപാകം സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-17 അങ്കണവാടികളുടെ ഭൗതിക സാഹചര്യം - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 15 അങ്കണവാടികളാണുള്ളത്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/ തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33/16.01.2023 ന്റെ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 3 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 2 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 0 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 4 |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | 1 |
| 6 | കളിസ്ഥലം ഇല്ലാത്തവ | 4 |
| 7 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | 0 |
| 8 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 14 |
| 9 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 13 |
| 10 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 15 |
| 11 | വൈദ്യുതി ഇല്ലാത്തവ | 0 |
| 12 | പ്രഥമശുശ്രൂഷ കിറ്റ്, മരുന്ന കിറ്റ് എന്നിവ ഇല്ലാത്തവ | 0 |
| 13 | പാചകവാതക സൗകര്യം ഇല്ലാത്തവ | 0 |
| 14 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | 0 |
| 15 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | 0 |

| | | |
|---|---|---|
| 16 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 0 |
| 17 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 0 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 ജാഗ്രതാ സമിതിക്ക് ഓഫീസ് സജ്ജീകരിക്കേണ്ടതാണ്

സ.ഉ(എം.എസ്) നം.31/07 സ.ക്ഷേ.വ തീ.23.06.2007 ഉത്തരവ് പ്രകാരമുള്ള മാർഗരേഖ ഭാഗം 1.7 പ്രകാരം ജാഗ്രത സമിതി ഓഫീസ് സജ്ജീകരിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജാഗ്രത സമിതി ഓഫീസിൽ, കേസിന്റെ സിറ്റിംഗിനുള്ള സ്വകാര്യത ഉണ്ടാകണമെന്നും സ്വതന്ത്ര സംഭാഷണം നടത്താനുള്ള സൗകര്യം ഉണ്ടാകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പുറമേ നിന്ന് ഓഫീസ് കാണത്തക്കവിധം ആസ്ഥാനത്തിന്റെ ബോർഡ് സ്ഥാപിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജാഗ്രത സമിതി ഓഫീസ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 42/17.01.2023 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗരേഖ പ്രകാരമുള്ള ഓഫീസ് ജാഗ്രതാസമിതിയ്ക്കായി സജ്ജീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഐ.സി.ഡി.എസ് കോ- ഓർഡിനേഷൻ കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നമ്പർ 1830/2017/തസ്വഭവ ഖണ്ഡിക 3.3.3.l പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപഞ്ചായത്തുതല ഐ.സി.ഡി.എസ് കോ- ഓർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്കരിച്ചത് സംബന്ധിച്ച വിവരവും, യോഗം ചേർന്നത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 35/16.01.2023 -ന് മറുപടിയായി അങ്കണവാടി തലത്തിൽ മോണിറ്ററിങ് കമിറ്റി (ALMSC) കൂടി അങ്കണവാടി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടെന്നും എല്ലാ മാസവും പഞ്ചായത്ത് തല നിർവഹണ ഉദ്യോഗസ്ഥരുടെ യോഗത്തിൽ അങ്കണവാടി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കോ- ഓർഡിനേഷൻ കമ്മിറ്റി പ്രത്യേകം രൂപീകരിച്ചിട്ടില്ലായെന്നും ആയത് തുടർ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം ഐ.സി.ഡി.എസ് കോ- ഓർഡിനേഷൻ കമ്മിറ്റി കൂടി അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പി.എച്ച്.സിയിലെ കുഴൽ കിണർ നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 80,271 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0136/22 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സിയിൽ കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | 1,00,000<br>(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 80,271 |
| ബിൽ നമ്പർ | 189/08.11.2021 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെയും എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ 80,271 ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ, കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ധന വിനിയോഗ സാക്ഷ്യ പത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ഭൂജല വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 08/11.01.2023ന്റെ മറുപടി). വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 80,271/- രൂപയുടെ

ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 പൈപ്പ് ലൈനിന് വേണ്ടി വാട്ടർ അതോറിറ്റി കുഴിച്ച റോഡിനായി റെസ്റ്റോറേഷൻ ചാർജ് ഈടാക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ, പൈപ്പ് ലൈനിന് വേണ്ടി വാട്ടർ അതോറിറ്റി കുഴിച്ച റോഡുകൾ മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0072/22 |
| പ്രോജക്റ്റിന്റെ പേര് | പേരേറ്റിൽ കുഴിവിള റോഡ് റീ കോൺക്രീറ്റിംഗ് |
| അടങ്കൽ | 2,56,276<br>(മെയിന്റനൻസ് ഫണ്ട് - റോഡ്) |
| ചെലവ് | 2,39,884 |
| ബിൽ നമ്പർ | 287/07.01.2022 |
| കരാറുകാരൻ | ബാജി.എം (14.21% Below) |
| എം ബുക്ക് നമ്പർ | 365/21-22 |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പൈപ്പ് ലൈനിന് വേണ്ടി കുഴിച്ച 70 മീറ്റർ കോൺക്രീറ്റ് ചെയ്യുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. രണ്ടാം ഇനമായി Providing Plain Concrete For Road Work Cc 1:2:4 ... 59 മീറ്റർ നീളത്തിൽ 8.85 $M^3$ ന് 7980.40 രൂപ നിരക്കിൽ 70,626.54/- രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0093/22 |
| പ്രോജക്റ്റിന്റെ പേര് | മേൽകോണം ഏലാ റോഡ് മെയിന്റനൻസ് |
| അടങ്കൽ | 2,98,968<br>(മെയിന്റനൻസ് ഫണ്ട് - റോഡ്) |
| ചെലവ് | 2,97,516 |
| ബിൽ നമ്പർ | 384/26.02.2022 |
| കരാറുകാരൻ | കവിത സെൻ (14.21% Below) |
| എം ബുക്ക് നമ്പർ | 425/21-22 |

പ്രസ്തുത പ്രവൃത്തിയുടെ പ്രോജക്റ്റ് പ്രൊഫോമ പ്രകാരം പൈപ്പ് ലൈനിന് വേണ്ടി കട്ട് ചെയ്ത ഭാഗം 60 മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും കോൺക്രീറ്റ് ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. രണ്ടാം ഇനമായി Providing Plain Concrete For Road Work Cc 1:2:4 ..., 52.7 മീറ്റർ നീളത്തിൽ 6.38 $M^3$ ന് 7980.40 രൂപ നിരക്കിൽ 50,914.95 രൂപ നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കാൻ സൈറ്റിൽ പോയപ്പോഴാണ് പൈപ്പ് ലൈനിനായി മുൻവർഷങ്ങളിലെടുത്ത് കുഴി ശ്രദ്ധയിൽപ്പെട്ടതെന്നും മെമ്പറുടെ ആവശ്യപ്രകാരം റോഡ് മുഴുവൻ നന്നാക്കാനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയതെന്നും അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 49/18.01.2023). മുൻവർഷങ്ങളിൽ വാട്ടർ അതോറിറ്റി റോഡ് കട്ടിംഗുകൾക്ക് റെസ്റ്റോറേഷൻ ചാർജ് അടയ്ക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റി പ്രസ്തുത റോഡുകൾക്കായി റെസ്റ്റോറേഷൻ ചാർജ് ലഭ്യമാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 49/18.01.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

ഇപ്രകാരം പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കുന്നത് ഉചിതമായ നടപടിയല്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 വീടുകളിൽ ബയോ കമ്പോസ്റ്റർ ബിൻ സ്ഥാപിക്കൽ - ജി.എസ്.ടി തുക കുറവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0167/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വീടുകളിൽ ബയോ കമ്പോസ്റ്റർ ബിൻ |
| നിർവഹണം | വി.ഇ.ഒ(സർക്കിൾ 1) |
| അടങ്കൽ | 900000<br>( 810000ധനകാര്യ കമ്മീഷൻ ഗ്രാന്റ് +90000 ഗുണ ഭോക്തൃ വിഹിതം) |
| ചെലവ് | 523800(471420+52380) |
| ബിൽ നമ്പർ | 457/19.03.2022(104760),506 /30.03.2022(366660),514 /30.03.2022(52380) |

ഗ്രാമപഞ്ചായത്തിലെ 500 വീടുകളിൽ യൂണിറ്റ് കോസ്റ്റ് 1800/- രൂപ നിരക്കിൽ ബയോകമ്പോസ്റ്റർ ബിൻ വാങ്ങി സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം 2021-22 വർഷം 291 ബയോ കമ്പോസ്റ്റ് ബിൻ മാത്രമാണ് വാങ്ങിയിട്ടുള്ളത്. 291 ബയോ കമ്പോസ്റ്റ് ബിന്നുകൾ വാങ്ങിയ ഇനത്തിൽ ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് ആകെ 523800/- രൂപ അനുവദിച്ചിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 24/13.01.2023 ന് ലഭിച്ച മറുപടിയിൽ പ്രോജക്ട് പ്രകാരം വാങ്ങാൻ നിശ്ചയിച്ച ബയോകമ്പോസ്റ്റ് ബിന്നുകൾ വാങ്ങുന്നതിന് 2022-23 വർഷത്തിൽ പുതിയ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെന്നും ആയത് പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കാത്തതിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി തുക അനുവദിക്കേണ്ടതും മേൽ തുക കൈപ്പറ്റിയ സ്ഥാപനം നികുതി ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

## 1-23 ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ നമ്പർ | SO177/22 |
| പേര് | സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ തുക | 204900/- വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 204900/- |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ 1 |

തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണം നടപ്പാക്കുന്നതിനായി ഹരിതകേരള മിഷനും ശുചിത്വമിഷനും ചേർന്ന് കെൽട്രോണിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജിംഗ് മോണിറ്ററിംഗ് സിസ്റ്റം [സ.ഉ(സാധാ)നം.1967/2020/തസ്വഭവ തീ.21.10.2020]. മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തും, കെൽട്രോണും, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററും തമ്മിൽ 14/03/2022 തീയതിയിൽ ഒരു ത്രികക്ഷി കരാറിൽ ഒപ്പുവെയ്ക്കുകയും [സ.ഉ(സാധാ)നം.493/2022/തസ്വഭവ തീ.02.03.2022]പദ്ധതി നടത്തിപ്പിനായി കെൽട്രോണിന് 204900/-രൂപ അനുവദിക്കുകയും ചെയ്തു. [സ.ഉ(സാധാ)നം.670/2022/തസ്വഭവ തീ.19.03.2022]. ലാപ്ടോപ്പ് ലഭ്യമാക്കൽ,

സർവീസ് ചാർജ്, SMSചാർജ്, QR കോഡ് പ്രിന്റിങ് ചാർജ് എന്നീ ഇനങ്ങൾക്ക് വേണ്ടിയാണ് കെൽട്രോണിന് തുക നല്കിയിരിക്കുന്നത്. പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ.01/10.01.2023 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| | |
|---|---|
| പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം | 14 |
| ആകെ ഹരിത കർമ്മ സേന അംഗങ്ങളുടെ എണ്ണം | 14 |
| ഡേറ്റ കളക്ഷൻ പൂർത്തീകരിച്ച് QR കോഡ് വിതരണം നടത്തിയ ഭവനങ്ങളുടെ എണ്ണം | 5947 |
| ഡാറ്റാ കളക്ഷൻ ആരംഭിച്ച തീയതി | 26.08.2022 |
| ഡേറ്റാകളക്ഷൻ പൂർത്തീകരിച്ച തീയതി | 10.11.2022 |
| മെറ്റീരിയൽ കളക്ഷൻ ആരംഭിച്ച ഭവനങ്ങളുടെ എണ്ണം | 4395 |
| മെറ്റീരിയൽ കളക്ഷൻ സെന്ററുകളുടെ എണ്ണം | 20 |

2022 മെയ് മാസത്തിലാണ് ഹരിതകർമ്മസേന അംഗങ്ങൾക്ക് പദ്ധതിയുടെ പരിശീലനം ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും വാങ്ങിയ ലാപ്ടോപ്പുകൾ നാളിതുവരെ പദ്ധതിയുടെ ആവശ്യത്തിനായി ഉപയോഗിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിലവിൽ 19 മിനി എം.സി.എഫുകളും ഒരു എം.സി.എഫും മാത്രമാണ് പ്രവർത്തിക്കുന്നത്. ഹരിതമിത്രം പദ്ധതി പ്രകാരം മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനും ഹരിത കർമ്മസേനയുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തേണ്ടതാണ്. കൂടാതെ പദ്ധതി പ്രകാരം വാങ്ങിയ ലാപ്ടോപ്പ് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ബഡ്സ് സ്കൂൾ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ ആശ്രിതത്വത്തിൽ നിന്ന് സ്വയം ആശ്രിതത്വത്തിലേക്കോ സ്വാതന്ത്ര്യത്തിലേക്കോ മാറാൻ സഹായിക്കുക എന്ന ഉദ്യമത്തോടുകൂടി തുറന്ന സ്പെഷ്യൽ സ്കൂളുകളാണ് ബഡ്സ് സ്കൂളുകൾ. പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളുടെ വൈകാരികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബഡ്സ് സ്കൂൾ പദ്ധതി വിഭാവനം ചെയ്യുന്നു. ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ 30.09.2015മുതൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ച് വരുന്നു. എന്നാൽ സ്കൂളിന് സ്വന്തമായി ഒരു കെട്ടിടം ഇല്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

സർക്കാർ ഉത്തരവ് 144/2013 തസ്വഭവ, തീയതി.6-4-2013ഖണ്ഡിക 14 പ്രകാരം, ദേശീയ വികലാംഗ നിയമമനുസരിച്ചുള്ള അംഗീകാരം, സ്ഥാപനം ആരംഭിച്ച് ആറുമാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, അടിസ്ഥാന സൌകര്യങ്ങളുടെ അഭാവത്താൽ സ്ഥാപനത്തിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. നിലവിൽ ബഡ്സ് സ്കൂളിൽ 34 കുട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നം - 16തീയതി 12.01.2023).

ബഡ്സ് സ്കൂളിന്റെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി അംഗീകാരം നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-25 കോവിഡ് CFLTC പ്രവർത്തനം ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 138/22 |
| പ്രോജക്ടിന്റെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 19,20,969/- (വി.ഫ) |
| ചെലവ് | 19,20,969/-/- |

സ.ഉ (സാധാ)നം 955/2020/തസ്വഭവ തീയതി 25.5.20,സ.ഉ (സാധാ)നം 1364/2020/തസ്വഭവ തീയതി 16.07.20സർക്കാർ ഉത്തരവുകൾ പ്രകാരം കോവിഡുമായി (CFLTC)ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് താഴെപ്പറയുന്ന രജിസ്റ്ററുകൾ/വിവരങ്ങൾ സൂക്ഷിക്കേണ്ടതുണ്ട്.

1)തിരിച്ചു നൽകേണ്ട സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

2)സംഭാവനയായി ലഭിച്ച സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

3)സംഭാവനയായി ലഭിച്ച പണത്തിന്റെ രജിസ്റ്റർ

4)സ്റ്റോക്ക് രജിസ്റ്റർ

5)വരവ്-ചെലവ് കണക്ക്.

മേൽ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/12.01.2023) മറുപടിയായി ഗ്രാമപഞ്ചായത്ത് മുന്നൊരുക്കം നടത്തി ആരംഭിച്ച ട്രീറ്റ്മെന്റ് സെന്റർ അല്ലായെന്നും ജില്ലാ കളക്ടറുടേയും വർക്കല താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റേയും നിർദ്ദേശപ്രകാരമാണ് CFLTCപ്രവർത്തനം പഞ്ചായത്തിനെ ഏൽപ്പിച്ചതെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല. CFLTCപ്രവർത്തനത്തിനായി പഞ്ചായത്തിനെ ചുമതലപ്പെടുത്തിയതിനാൽ ആവശ്യമായ രജിസ്റ്ററുകൾ/കണക്കുകൾ സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ ചുമതലയാണ്.

CFLTC ചെലവുകൾക്കായി പഞ്ചായത്ത്, CFLTC മാനേജ്മെന്റ് കമ്മിറ്റിക്ക് അഡ്വാൻസായി നൽകിയ 5752192/-രൂപയിൽ 1831223/-രൂപയുടെ ചെലവുകൾ 2021-22 വർഷവും ക്രമീകരിച്ചിട്ടില്ല. 18,31,223/- രൂപയുടെ ചെലവുകൾ ക്രമീകരിച്ച് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. CFLTC പ്രവത്തനവുമായി ബന്ധപ്പെട്ട വരവ്-ചെലവ് കണക്കുകളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-26 വിവിധ നിക്ഷേപ പ്രവൃത്തികൾ -പൂർത്തീകരണ വിവരം ലഭ്യമല്ല.

| പദ്ധതിയുടെ പേര് | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | കുടിവെള്ളപൈപ്പ് ലൈൻ വ്യാസം വർദ്ധിപ്പിക്കൽ | സ്ട്രീറ്റ് ലൈറ്റിനായി പ്രത്യേക ലൈൻ ദീർഘിപ്പിക്കൽ |
|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 128/22 | 192/22 | 193/22 |
| അടങ്കൽ | 300000/- (ധനകാര്യകമ്മീഷൻ അവാർഡ്) | 1233889/- (ധനകാര്യകമ്മീഷൻ അവാർഡ്) | 409354/- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 220330/- | 1233889/- | 312114/- |
| ബിൽ നമ്പർ | 285/6.1.22 | 485/24.3.22 | 486/24.3.22 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടത് | 31.3.22 | 24.6.22 | 24.6.22 |

നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബിക്കും വാട്ടർ അതോറിറ്റിക്കും തുകകൾ നൽകിയിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹണം നടത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 20/12.01.2023). കരാർ കാലാവധിക്കുള്ളിൽ തന്നെയാണോ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് എന്ന വിവരം ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റും ധന വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-27 ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും

2003-ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് അടിയന്തര സഹായം നൽകുന്നതിനായി പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവരടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ ചെറുന്നിയൂർ സർവ്വീസ് സഹകരണ ബാങ്കിൽ ദുരിത്വാശാസനിധിയ്ക്കായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 2021-22 വർഷം വരവും ചെലവും ഇല്ല. 31.3.22ൽ 20558/-രൂപ ദുരിതാശ്വാസനിധിയിൽ അവശേഷിക്കുന്നു.

കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.

## 1-28 ജലജീവൻമിഷൻ കുടിവെള്ള കണക്ഷൻ പൂർത്തീകരണം

| പദ്ധതിയുടെ പേര് | ജലജീവൻമിഷൻ കുടിവെള്ള കണക്ഷൻ |
|---|---|

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 110/22 |
| അടങ്കൽ | 958180/-(വികസനഫണ്ട്-57500 ഗുണഭോക്തൃവിഹിതം-383180) |
| ചെലവ് | 958180/- |
| ബിൽ നമ്പർ | 575000/-324/22.1.22 |

ജലജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ 583 ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി റിപ്പോർട്ട് പ്രകാരം 2020-21 വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായി 213527/- രൂപയും 91 പേരുടെ ഗുണഭോക്തൃവിഹിതമായി 142324/- രൂപയും വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. (പ്രോജക്റ്റ് നം-221/21)

2021-22 വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായി 575000/- രൂപയും 245 പേരുടെ ഗുണഭോക്തൃവിഹിതമായി 383180/-(1564x245) വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.(ഒരു കണക്ഷന്റെ 10% ഗുണഭോക്തൃവിഹിതം, 15% ഗ്രാമപഞ്ചായത്ത് വിഹിതം ,

30% സംസ്ഥാനവിഹിതം, 45% കേന്ദ്രവിഹിതം).

ഒന്നാം ഘട്ടത്തിലെ 583 കണക്ഷനുകളും നൽകിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നമ്പർ 39/17.01.2023).

ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തും വാട്ടർഅതോറിറ്റിയും സംയുക്ത പരിശോധന നടത്തി പഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## 1-29 പത്രങ്ങളിൽ പരസ്യം നൽകൽ - അർഹമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 1/22 |
| അടങ്കൽ | 1,50,000/- (വികസനഫണ്ട്) |
| ചെലവ് | 143330/- |
| ബിൽ നമ്പർ | 16/11.6.21തുക 49138/-<br>71/13.8.21തുക 32200/-<br>99/7.9.21തുക 12096/-<br>118/16.9.21തുക 16128/-<br>227/9.12.21തുക 10752/-<br>323/22.1.22തുക10752/-<br>400/3.3.22തുക 4200/-<br>498/26.3.22തുക 8064/- |

2021-22 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റിന്റെ ഭാഗമായി കേരളകൌമുദി ദിനപത്രത്തിൽ പരസ്യം നൽകിയിട്ടുണ്ട്.

ജി.ഒ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഒ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യ നിരക്ക് പി & എ ആർ ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ പത്രങ്ങളിൽ നിന്നും ട്രേഡ് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പത്രത്തിന്റെ പേര് | നൽകിയ തുക/തീയതി |
|---|---|
| കേരളകൌമുദി | 11520/-3.8.21 |
| | 7680/-3.9.21 |

| | |
|---|---|
| | 7680/-28.8.21 |
| | 10240/-19.10.21 |
| | 10240/-16.12.21 |
| | 7680/-17.3.22 |

പത്രവുമായി ബന്ധപ്പെട്ട് ട്രേഡ് ഡിസ്കൗണ്ട് നേടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നം - 18തീയതി 12.01.2023).

സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് റേറ്റ് കുറച്ച് മാത്രം പരസ്യനിരക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 തെരുവുവിളക്ക് പരിപാലനം ക്രമപ്രകാരമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവ് വിളക്ക് പരിപാലനം, ലേബർ ചാർജ്ജ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 127/22 |
| അടങ്കൽ | 2,50,400/-(ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 197244/- |
| ബിൽ നമ്പർ | 333/2.2.22തുക 70482/-<br>191/9.11.21തുക 126762/- |

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ തെരുവ് വിളക്ക് പരിപാലനത്തിന് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഡ്തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രതിമാസം പ്രവർത്തനപുരോഗതി വിലയിരുത്തേണ്ടതുമാണ്. ഇപ്രകാരം ചെയ്തിട്ടില്ല.

2. ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തികവർഷാവസാനം ഇപ്രകാരമുള്ള Stock In Registerഉം Stock Out Registerഉം റികൺസൈൽ ചെയ്യേണ്ടതുമാണ്. പ്രസ്തുത നടപടികൾ സ്വീകരിച്ചിട്ടില്ല.

3. മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക നൽകുന്നത്. എന്നാൽ സാക്ഷ്യപത്രങ്ങളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

4. തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പാലിച്ച് ആവശ്യകത നിർണയിച്ച് മാത്രം ചെലവ് കണക്കാക്കി അടങ്കൽ തുക നിശ്ചയിക്കേണ്ടതാണ്.

അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ19/12.01.2023).

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3 /2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ഭവന പുനരുദ്ധാരണം-കെട്ടിടത്തിന്റെ കാലപ്പഴക്കം നിർണയിച്ചതിൽ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0039/22 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി) |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 4200000 |
| ചെലവ് | 3750000 |

ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ

വീട് പുനരുദ്ധാരണത്തിന് ധന സഹായം നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത്. സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മേൽ മാനദണ്ഡം പാലിക്കാതെ തുക അനുവദിച്ച് നൽകി.

| ക്രമ നമ്പർ | ഗുണഭോക്താവ് | കെട്ടിട നമ്പർ | അപാകത |
|---|---|---|---|
| 1 | മഞ്ജുഷ, കോവിൽ വിള വീട് | 8/378/C | കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2014 രണ്ടാം അർദ്ധ വർഷം മുതലാണ്. അപേക്ഷ കാലയളവിലും പദ്ധതി നടപ്പാക്കിയ കാലയളവിലും കെട്ടിടം നിർമ്മിച്ച് 8 വർഷം പൂർത്തീകരിച്ചിട്ടില്ല. |
| 2 | ഉഷ, തുണ്ടിൽ വീട് | 8/119/A | കെട്ടിടത്തിന്റെ നികുതി നിർണിയിച്ചത് 2014 രണ്ടാം അർദ്ധ വർഷം മുതലാണ്. അപേക്ഷ കാലയളവിലും പദ്ധതി നടപ്പാക്കിയ കാലയളവിലും കെട്ടിടം നിർമ്മിച്ച് 8 വർഷം പൂർത്തീകരിച്ചിട്ടില്ല. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ11/11.01.2023) ലഭ്യമായ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരമാണ് ആനുകൂല്യം നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. വീടുകളുടെ കാലപ്പഴക്കം സംബന്ധിച്ച കൃത്യമായ റിപ്പോർട്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രദ്ധിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-32 ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് പദ്ധതി വ്യവസ്ഥ പ്രകാരം പദ്ധതിയുടെ കരാർ ചമച്ച് ആറ് മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയുടെ ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണത്തിന്റെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

| ക്രമ നമ്പർ | പേര് | വിലാസം | കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | അനൂപ് സ്റ്റെഫിമോൾ | കുഴിവിള വീട്, ചെറുന്നിയൂർ | 01.10.2021 | 40000 |
| 2 | ജോൺസൺ | പനവിളാകം, മുടിയക്കോട്, ചെറുന്നിയൂർ | 28.10.2021 | 40000 |
| 3 | സജിത | സജിത നിവാസ്, വടശ്ശേരിക്കോണം | 23.03.2021 | 40000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 36/16.01.2023 ന് ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയെങ്കിലും തുക തിരികെ ഒടുക്കിയിട്ടില്ലെന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-33 ന്യൂലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0041/22 | S0042/22 |
| പ്രോജക്ടിന്റെ പേര് | ന്യൂലൈഫ് ഭവന പദ്ധതി(ജനറൽ) | ന്യൂലൈഫ് ഭവന പദ്ധതി(പട്ടിക ജാതി) |
| നിർവഹണം | വി.ഇ.ഒ സർക്കിൾ II | വി.ഇ.ഒ സർക്കിൾ II |
| അടങ്കൽ | 400000 (160000 വികസന ഫണ്ട്+80000ബ്ലോക്ക് പഞ്ചായത്ത് വിഹിതം +160000 ജില്ല പഞ്ചായത്ത് വിഹിതം ) | 400000(160000/- വി.ഫ+80000ബ്ലോ.പ 160000 ജി.പ) |
| ചെലവ് | 400000 | 400000 |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്ര കോളനി നവീകരണം. 2021-22 വർഷം നടപ്പാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം ഭവനപുനരുദ്ധാരണത്തിനായി കാറാത്തല ലക്ഷം വീട് കോളനിയിലെ ജനറൽ, എസ്.സി. വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകല്യം അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ന്യൂ ലൈഫ് മാർഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന്റെ ഓരോ സ്റ്റേജും വി.ഇ.ഓ സർട്ടിഫൈ ചെയ്യേണ്ടതുണ്ട്. എന്നാൽ, വീട് മെയിന്റനൻസ് സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ എല്ലാ ഗുണഭോക്താക്കൾക്കും തുടർ ഗഡുക്കൾ അനുവദിച്ച നൽകിയിട്ടുണ്ട്.

2) ന്യൂ ലൈഫ് മാർഗരേഖ പ്രകാരം രൂപീകരിക്കേണ്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെയും വാർഡ് മെമ്പർ ചെയർമാനായുള്ള കോളനി തല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചതിന്റെയും രേഖകളും മിനിറ്റ്സും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

3) ന്യൂ ലൈഫ് മാർഗരേഖ പ്രകാരം പണി പൂർത്തീകരിച്ച്, അവസാനഗഡു നൽകിയ ശേഷം പ്രസ്തുത വീടിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കണം. എന്നാൽ, ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തികരിച്ചെങ്കിലും ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 13/11.01.2023) ലഭിച്ച മറുപടിയിൽ പൂർത്തീകരിച്ച വീടിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും മറ്റ് അപാകങ്ങൾ അവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-34 ക്ഷീര സമൃദ്ധി - ക്ഷീരസംഘത്തിൽ നിന്നുള്ള രേഖകൾ കൂടാതെ സബ്സിഡി തുക അനുവദിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO012/22 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി |
| നിർവഹണം | ഡയറി ഫാം ഇൻസ്പെക്ടർ |
| അടങ്കൽ | 464900(309900 വി.ഫ+100000 ബ്ലോ.പ+55000 ജി.പ) |
| ചെലവ് | 464900 |

| Bill No. | Fund | Amount |
|---|---|---|
| 89/ 27-08-2021 | വികസന ഫണ്ട് | 192627 |
| 162/ 22-10-2021 | | 11123 |
| 199/ 19-11-2021 | | 46250 |
| 352/ 08-02-2022 | | 59900 |
| 136/01.10.2021 | ബ്ലോക്ക് പഞ്ചായത്ത് | 100000 |
| 203/24.11.2021 | ജില്ല പഞ്ചായത്ത് | 14573 |
| 220/01.12.2021 | | 25035 |
| 219/01.12.2021 | | 15392 |
| | ആകെ | 464900 |

ക്ഷീര സംഘത്തിൽ പാൽ നൽകുന്ന കർഷകർക്ക് ലിറ്ററിന് 3 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമപഞ്ചായത്തിലെ നരിക്കല്ല് ക്ഷീരസംഘത്തിൽ നിന്നും ലഭിച്ച 2021 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ സ്റ്റേറ്റ്മെന്റ് പ്രകാരം അംഗത്വ നമ്പർ 3020, ശ്രീമതി ഫാത്തിമ ബീവി എന്ന വ്യക്തി, ക്ഷീരസംഘത്തിൽ നൽകിയ പാലളവ്(ലിറ്റർ) താഴെപ്പറയും പ്രകാരമാണ്

| ഏപ്രിൽ | മെയ് | ജൂൺ | ആകെ | അനുവദിക്കേണ്ടതുക |
|---|---|---|---|---|
| 159.4 | 116.8 | 103.5 | 379 | 1137/- |

എന്നാൽ നിർവഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം മേൽ വ്യക്തിക്ക് ആകെ 80 ലിറ്റർ പാലിനുള്ള സബ്സിഡി തുകയായ 240/- രൂപ മാത്രമാണ് പ്രസ്തുത മാസങ്ങളിലേയ്ക്ക് ആകെ അനുവദിച്ചിട്ടുള്ളത്.

2) നരിക്കല്ല് ക്ഷീരസംഘത്തിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം അംഗത്വ നമ്പർ 3048 റസീന ബീവി എന്ന വ്യക്തി 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ പാൽ നൽകിയിട്ടുണ്ട്(ബിൽ പ്രകാരം റസീന ബീഗം എന്ന പേരിലാണ് തുക നൽകിയിട്ടുള്ളത്). എന്നാൽ പാൽ അളക്കാത്ത സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ പ്രസ്തുത വ്യക്തിക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | ക്ഷീര സംഘം സ്റ്റേറ്റ്മെന്റ് പ്രകാരം അളന്ന പാൽ(ലി) | നിർവഹണ ഉദ്യോഗസ്ഥ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം (ലി) | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ഏപ്രിൽ, മെയ്,ജൂൺ | 703 | 703 | 2109 | - |
| 2 | ജൂലൈ, ആഗസ്റ്റ് | 182 | 182 | 546 | - |
| 3 | സെപ്റ്റംബർ | 0 | 414 | 1242 | 1242 |
| 4 | ഒക്ടോബർ | 0 | 107 | 150 | 150 |

നരിക്കല്ല് ക്ഷീരസംഘത്തിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ അംഗത്വനമ്പർ 3074 റസീന എന്ന വ്യക്തിയാണ് ക്ഷീരസംഘത്തിൽ പാൽ നൽകിയിട്ടുള്ളത്. അംഗത്വ നമ്പർ 3048 റസീന ബീവി എന്ന വ്യക്തി 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ക്ഷീരസംഘത്തിൽ പാൽ നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 46/18.01.2023 ന് ലഭിച്ച മറുപടിയിൽ അംഗത്വ നമ്പർ 3020 ശ്രീമതി ഫാത്തിമ ബീവിയ്ക്ക് സബ്സിഡി നൽകിയതിൽ കുറവ് സംഭവിച്ചത് പാലളവ് രേഖപ്പെടുത്തയതിലെ അപാകം മൂലമാണെന്നും, അംഗത്വ നമ്പർ 3048 റസീന ബീവി , 2021 സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ ക്ഷീരസംഘത്തിൽ പാൽ നൽകിയിട്ടുണ്ടെന്നും ആയത് ക്ഷീര സംഘത്തിലെ സ്റ്റേറ്റ്മെന്റിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ, ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ക്ഷീരസംഘത്തിൽ നിന്നുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-35 മൃഗസംരക്ഷണം - 2021-22 വർഷം നിർവഹണം നടത്തിയ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല- 3811508/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് വെറ്ററിനറി സർജൻ 2021-22 വർഷം നിർവഹണം നടത്തിയ 20 പ്രോജക്ടുകളുടെ ഫയലുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ (നമ്പർ.1/09.01.2023) പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ ക്രമരഹിതവും അപൂർണവുമാണ്. ലഭ്യമാക്കിയ ഫയലുകളിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ട്രഷറി ബിൽ പകർപ്പ്, ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും, ചെലവ് ഇൻവോയ്സ്, കൈപ്പറ്റ്, സ്റ്റോക്ക്-വിതരണ വിവരങ്ങൾ, ഗുണഭോക്തൃ വിഹിതം കളക്ഷൻ വിവരം തുടങ്ങിയ രേഖകൾ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയിട്ടില്ല(28/13.01.2023). പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

I)കാലിത്തീറ്റ സബ്സിഡി

| പ്രോജക്റ്റ് നമ്പർ | S0100/22 | S0101/22 | S0141/22 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | കന്നുകാലികൾക്ക് കാലിത്തീറ്റ സബ്സിഡി- ജനറൽ വനിത- | കന്നുകാലികൾക്ക് കാലിത്തീറ്റ സബ്സിഡി- എസ്.സി.പി | കന്നുകാലികൾക്ക് കാലിത്തീറ്റ സബ്സിഡി- |
| നിർവഹണം | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 540000(വി.ഫ- 270000/- ഗു.വി -270000/-) | 240000(വി.ഫ- 120000/- ഗു.വി -120000/-) | 185000(ത.ഫ- 5000/- 180000ഗു.വി -/-) |
| ചെലവ് | 540000/- | 240000/- | 185000/- |
| ബിൽ നമ്പർ | 270000/-(247 /22.12.2022) ഗുണഭോക്തൃ വിവരം ലഭ്യമാക്കിയില്ല | 240000/-(249 /22.12.2022) ഗുണഭോക്തൃ വിവരം ലഭ്യമാക്കിയില്ല | 5000/-(76 /14.08.2022) ഗുണഭോക്തൃ വിവരം ലഭ്യമാക്കിയില്ല |

II)കറവയുള്ള പശു

| പ്രോജക്റ്റ് നമ്പർ | S0070/22 | S0145/22 | S0073/22 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | കറവയുള്ള പശു -ജനറൽ വനിത- | കറവയുള്ള പശു -പട്ടിക ജാതി | കറവയുള്ള പശു -എസ്.സി.പി വനിത |
| നിർവഹണം | വെറ്ററിനറിസർജൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |

| | | | |
|---|---|---|---|
| അടങ്കൽ | 880000(വി.ഫ-400000/- ഗ്ര.വി -480000/-) | 400000(വി.ഫ-160000/- ഗ്ര.വി -20000/-) | 440000(വി.ഫ-240000/- ഗ്ര.വി -20000/-) |
| ചെലവ് | 400000/- | 240000/- | 240000/- |
| ബിൽ നമ്പർ | 260/24.12.2021 | 127/24.09.2021 | 261/24.12.2021 |

III)പെണ്ണാട് വിതരണം

| പ്രോജക്ട് നമ്പർ | SO077/22 | SO080/22 | SO0146/22 | SO0147/22 |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | പെണ്ണാട് വിതരണം-ജനറൽ വനിത- | പെണ്ണാട് വിതരണം-പട്ടിക ജാതി | പെണ്ണാട് പട്ടിക ജാതി | പെണ്ണാട് ജനറൽ |
| നിർവഹണം | വെറ്ററിനറി സർജൻ | വെറ്ററിനറിസർജൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 224000(വി.ഫ-112000/- ഗ്ര.വി -112000/-) | 200000(വി.ഫ-150000/- ഗ്ര.വി -50000/-) | 50000(ഗ്ര.വി) | 56000(ഗ്ര.വി) |
| ചെലവ് | 112000/- | 150000/- | 50000/- | 56000/- |
| ബിൽ നമ്പർ | 467/23.03.2022 | 469/23.03.2022 | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |

IV)മുട്ടക്കോഴിക്കുഞ്ഞ് വിതരണം

| പ്രോജക്ട് നമ്പർ | SO068/22 | SO142/22 | SO148/22 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | മുട്ടക്കോഴിക്കുഞ്ഞ് വിതരണം-ജനറൽ വനിത | മുട്ടക്കോഴിക്കുഞ്ഞ് വിതരണം- | മുട്ടക്കോഴിക്കുഞ്ഞ് വിതരണം- |
| നിർവഹണം | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | വെറ്ററിനറിസർജൻ |
| അടങ്കൽ | 462000(വി.ഫ-231000/- ഗ്ര.വി -231000/-) | 159775(വി.ഫ-44275/- ഗ്ര.വി -115500/-) | 192500(വി.ഫ-143500/- ഗ്ര.വി -49000/-) |
| ചെലവ് | 434483/-(217233+217250) | 44275 | 143500 |
| ബിൽ നമ്പർ | 409/ 18-03-2022,438/ 18-03-2022, 495/ 26-03-2022,503/27-03-2022 (25025+59400+74525+58283) | 106/15.09.2021 | 107/15.09.2021 |

V)മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO064/22 |
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 150000(മെ.നോൺ റോഡ്) |
| ചെലവ് | 150000 |
| ബിൽ നമ്പർ | 103/08.09.2021 |

VI)കാലിത്തൊഴുത്ത് നവീകരണം

| പ്രോജക്ട് നമ്പർ | SO098/22 | SO143/22 | SO144/22 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | കാലിത്തൊഴുത്ത് നവീകരണം-ജനറൽ | കാലിത്തൊഴുത്ത് നവീകരണം-ജനറൽ | കാലിത്തൊഴുത്ത് നവീകരണം-ജനറൽ |
| നിർവഹണം | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 800000(വി.ഫ-200000/- ഗ്ര.വി -600000/-) | 387500(വി.ഫ-87500/- ഗ്ര.വി -300000/-) | 400000(വി.ഫ-146500/- ,ത.ഫ 3500,ഗ്ര.വി -250000/-) |
| ചെലവ് | 200000(വി.ഫ) | 87500(വി.ഫ) | 150000(146500വി.ഫ,3500 ത.ഫ) |
| ബിൽ നമ്പർ | 487/25.03.2022 | 131/30.09.2021 | 132/30.09.2021(146500) |

| | | | |
|---|---|---|---|
| | | | 133/30.09.2021(3500) |

VII)പ്രത്യേക കന്നുകുട്ടിപരിപാലനം

| പ്രോജക്റ്റ് നമ്പർ | S0096/22 | S0097/22 | S0140/22 |
|---|---|---|---|
| പ്രോജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടിപരിപാലനം-ജനറൽ-വനിത | പ്രത്യേക കന്നുകുട്ടിപരിപാലനം-എസ്.സി.പി-വനിത | കന്നുകുട്ടിപരിപാലനം-പട്ടിക ജാതി |
| നിർവഹണം | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | വെറ്ററിനറിസർജൻ |
| അടങ്കൽ | 500000(വി.ഫ-125000/-, സം.ഫ, 125000 ഗു.വി -250000/-) | 250000(വി.ഫ-62500/-, സം.ഫ, 62500 ഗു.വി -125000/-) | 295000(സം.ഫ-93750/-, ത.ഫ, 13750 ഗു.വി -187500/-) |
| ചെലവ് | 125000(വി.ഫ) | 62500(വി.ഫ) | 201250(ത.ഫ 13750,187500 ഗു.വി) |
| ബിൽ നമ്പർ | 222/03.12.2021 | 223/03.12.2021 | 74/14.08.2021(13750)<br>ഗുണഭോക്തൃ വിവരം ലഭ്യമാക്കിയില്ല |

ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികളുടെ ചെലവ് തുകയായ 38,11,508/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 10200 | ജൈവ പച്ചക്കറി കൃഷി വ്യാപന പദ്ധതി | 10200 | 0 |
| | | 0 | 34600 | സുഭിക്ഷ കേരളം - തരിശ് ഭൂമി കൃഷി | 34600 | 0 |
| | | 0 | 136000 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 136000 | 0 |
| | | 0 | 20000 | ഫലവൃക്ഷ തൈ നട്ട് പരിപാലനം | 20000 | 0 |
| | | 0 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 0 | 31800 | ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് | 31800 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | സ്കോഷർഷിപ്പ് | | |
| | | 0 | 192375 | സ്നേഹ സ്പർശം | 192375 | 0 |
| | | 0 | 100000 | അങ്കണവാടി പോഷകാഹാര വിതരണം | 100000 | 0 |
| | | 0 | 120000 | ലൈഫ് ഭവന പദ്ധതി ജനറൽ ( സ്പിൽ ഓവർ) | 120000 | 0 |
| | | 0 | 600000 | ലൈഫ് ഭവന പദ്ധതി - പട്ടിക ജാതി വിഭാഗം - അഡീഷണൽ ലിസ്റ്റ് -സ്പിൽ ഓവർ | 600000 | 0 |
| | | 0 | 575000 | ലൈഫ് ഭവന പദ്ധതി - പട്ടിക ജാതി വിഭാഗം - അഡീഷണൽ ലിസ്റ്റ് | 575000 | 0 |
| | | 0 | 225000 | ലൈഫ് ഭവന പദ്ധതി ഭൂമി വാങ്ങൽ - പട്ടിക ജാതി | 225000 | 0 |
| | | 0 | 300000 | ലൈഫ് ഭവന പദ്ധതി - പട്ടിക ജാതി | 300000 | 0 |
| | | 0 | 80000 | ന്യൂ ലൈഫ് - ലക്ഷം വീട് വാസയോഗ്യമാക്കൽ - പട്ടികജാതി | 80000 | 0 |
| | | 0 | 80000 | ന്യൂ ലൈഫ് - ലക്ഷം വീട് വാസയോഗ്യമാക്കൽ | 80000 | 0 |
| | | 0 | 600000 | ലൈഫ് ഭവന പദ്ധതി ഭൂമി വാങ്ങൽ | 600000 | 0 |
| | | 0 | 100000 | ക്ഷീര സമൃദ്ധി | 100000 | 0 |
| | | 377040 | | *മുൻവർഷത്തെ പ്രോജക്ടുകൾ* | 0 | 377040 |
| ആകെ | | 377040 | 3404975 | | 3404975 | 377040 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 136000 | കേദാരം സമഗ്ര നെൽകൃഷി വികസനം | 136000 | 0 |
| | | 0 | 192375 | സ്നേഹ സ്പർശം | 192375 | 0 |
| | | 0 | 381995 | ലൈഫ് ഭവന പദ്ധതി ജനറൽ ( സ്പിൽ ഓവർ) | 381995 | |
| | | 0 | 565000 | ലൈഫ് ഭവന പദ്ധതി - പട്ടിക ജാതി വിഭാഗം - അഡീഷണൽ ലിസ്റ്റ് -സ്പിൽ ഓവർ | 565000 | |
| | | 0 | 500000 | ലൈഫ് ഭവന പദ്ധതി - പട്ടിക ജാതി | 500000 | |
| | | 0 | 160000 | ന്യൂ ലൈഫ് - ലക്ഷം വീട് വാസയോഗ്യമാക്കൽ - പട്ടികജാതി | 160000 | |
| | | 0 | 160000 | ന്യൂ ലൈഫ് - ലക്ഷം വീട് വാസയോഗ്യമാക്കൽ | 160000 | |
| | | 0 | 800000 | ലൈഫ് ഭവന പദ്ധതി ഭൂമി വാങ്ങൽ | 800000 | 0 |

| | | | | | |
|---|---|---|---|---|---|
| | 0 | 200000 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം | 200000 | 0 |
| | 0 | 55000 | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 55000 | |
| | 367380 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 367380 |
| ആകെ | 367380 | 3150370 | | 3150370 | 367380 |

| | 2020-21 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, +RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് +തിരികെ ഒടുക്കിയത് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 377040 | 3404975 | 3782015 | 3404975 | 377040 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 367380 | 3150370 | 3517750 | 3150370 | 367380 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തി യുടെ പേര് | മുൻകൂർ നൽ കിയ തുക | ചെല വഴിച്ച തുക | ബാക്കി തുക | വിനി യോഗ സാക്ഷ്യ പത്രം ലഭിച്ചത് + തിരികെ ഒടുക്കി യത് | നീക്കി യിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കേരള വാട്ടർ അതോറിറ്റി | 1220132 | 123/22 കുടിവെള്ള പൈപ്പ്ലൈൻ വിന്യാസം വർദ്ധിപ്പിക്കൽ | 328320 | ഇല്ല | 328320 | ഇല്ല | 2782341 |
| | | 192/22 കുടിവെള്ള പൈപ്പ്ലൈൻ വിന്യാസം വർദ്ധിപ്പിക്കൽ | 1233889 | | 1233889 | | |
| | | | 1562209 | | 1562209 | | 2782341 |
| കെ.എസ്.ഇ.ബി | 295418 | 128/22 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 220330 | ഇല്ല | 220330 | ഇല്ല | |
| | | 193/22 സ്ട്രീറ്റ് ലൈറ്റിനായി പ്രത്യേക ലൈൻ | 312114 | | 312114 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ദീർഘിപ്പിക്കൽ | | | | | |
| | | | 532444 | | 532444 | | 827862 |
| കേരള ഭൂജല വകുപ്പ് | 76180 | 136/22 പി.എച്ച്.സി യിൽ കുഴൽ കിണർ നിർമ്മാണം | 80271 | ഇല്ല | 80271 | ഇല്ല | 156451 |

| | 2020-21 B-18 ,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 1220132 | 1562209 | 2782341 | - | 2782341 |
| കെ.എസ്.ഇ.ബി | 295418 | 532444 | 827862 | - | 827862 |
| കേരള ഭൂജല വകുപ്പ് | 76180 | 80271 | 156451 | - | 156451 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ(കൈ) 68/2018/ തസ്വഭവ തീയതി 18.05.2018 | 14462667 | 5960000 | 2610667 | 17812000 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട്/വർഷം | ഭാഗം /ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|---|
| 1 | 2015-16 | 2(1)-ബി | 250 | ബിജു, കേരള റിഫ്രാക്ടറി ഇൻഡസ്ട്രീസ് | 121060103612 തീയതി 07.03.2022 |
| 2 | 2020-21 | 1-29 | 10566 | മാനേജർ, സപ്ലൈകോ | 121060103892 തീയതി 23.03.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8471402.77 |
| ഓഡിറ്റ് വർഷത്തെ വരവ് | 84373571 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 79864820 |
| നീക്കിയിരിപ്പ് | 12980153.77 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,91,779 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 80,271 | ശ്രീമതി അശ്വതി.എസ്.പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-35 | 38,11,508 | ഡോ. രമ.വി, സീനിയർ വെറ്റിനറി സർജൻ |
| ആകെ | 38,91,779 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അശ്വതി.എസ്.പ്രസാദ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മടവൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് | അശ്വതി, മേൽ വെട്ടൂർ.പി.ഒ |
| ഡോ. രമ.വി, സീനിയർ വെറ്റിനറി സർജൻ | സീനിയർ വെറ്റിനറി സർജൻ, ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് | രാജു നിവാസ്, പാമ്പുറം, പാരിപ്പള്ളി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8 /197/2022 തീയതി 25.10.2022 | 1 |
| 2014-15 | | 1 |
| 2015-16 | | 5 |
| 2016-17 | | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/43/2019 തീയതി 07.03.2019 | - |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/1867/2019 തീയതി 03.12.2020 | 30 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/671/2021 തീയതി 07.03.__ | 66 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/255/2022 തീയതി 11.05.2022 | 35 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്